# നീരചെത്താൻ ആദ്യഘട്ടത്തിൽ വനിതകളും

തൃശൂർ-നീര ചെത്തുന്നതിന് ആദ്യഘട്ടത്തിൽ വനിതകളും രംഗത്തുണ്ടാകും. ഇത് സംബന്ധിച്ചുള്ള ആദ്യഘട്ട പരിശീലന പരിപാടിയിൽ മുപ്പത് പേരിൽ രണ്ട് വനിതകളാണുള്ളത്.പീലിക്കോട് കാർഷിക ഗവേഷണകേന്ദ്രത്തിലാണ് ഇവർക്ക് പരിശീലനം നൽകിവരുന്നത്.തെങ്ങിൽ കയറി പൂക്കുല ചെത്തി ആദ്യം ഊറി വരുന്ന ദ്രാവകമുപയോഗിച്ചാണ് നീരയുണ്ടാക്കുന്നത്.നിലവിൽ ഇരുവനിതകളും തെങ്ങുകയറ്റം പരിശീലിച്ച് ഇത് ഉപജീവനമാർമാക്കിയവരുമാണ്.

ആദ്യഘട്ട പരിശീലനത്തിനു ശേഷം ഘട്ടംഘട്ടമായി അയ്യായിരത്തോളം പേരെ പരിശീലിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.കാസർകോട്, തൃശൂർ, തിരുവനന്തപുരം ജില്ലകളിലാണ് ആദ്യഘട്ടത്തിൽ നീര ചെത്തുക. പിന്നീട് മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കും.കേരാമൃതം എന്ന പേരിൽ നവംബർ ഒന്നിന് നീര വിപണിയിലിറക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.